# ഏശ 49:13 - 23
# യോഹ. 16:16 - 24 (16 - 33)

ഏപ്രിൽ 21 ഉയിർപ്പ് നാലാം ഞായർ

## ഭാഷ്യം

## ഏശ 49:13 – 23

### I. സന്ദർഭം

രണ്ടാം ഏശയ്യായുടെ ഗ്രന്ഥത്തിൽ തന്റെ സഹനം വഴി ജനത്തിന് ഐശ്വര്യവും രക്ഷയും കൊണ്ടുവരുന്ന ഒരു വ്യക്തിയെക്കുറിച്ച് പരാമർശമുണ്ട്. സഹനദാസൻ എന്നറിയപ്പെടുന്ന ഈ വ്യക്തിയെക്കുറിച്ച് നാലു ഗീതങ്ങളാണ് ഏശയ്യായുടെ പുസ്തകത്തിലുള്ളത് (42, 1-6; 49, 1-7; 50:4-11; 52:13-53:12). ഇതിൽ രണ്ടാമത്തെ ഗീതത്തിന്റെ തുടർച്ചയായി ഈ സഹനദാസൻ ജനത്തിനു വേണ്ടി ചെയ്യുന്ന കാര്യങ്ങൾ പ്രതിപാദിച്ചിരിക്കയാണ് ഇന്നത്തെ വായനയിൽ. മെസൊപ്പൊട്ടോമിയയിലും ഈജിപ്തിലും സൽഭരണം കാഴ്ച വയ്ക്കുന്ന രാജാക്കന്മാർ വഴിയായി ദേശത്തിനു ലഭിക്കുന്ന അനുഗ്രഹങ്ങളുടെ രീതിയിലാണ് ഇവിടെയും ഇസ്രയേലിന്റെ ഭാവിമഹത്വത്തെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത്.

### II. പ്രമേയം

1. പെറ്റമ്മ തന്റെ കുഞ്ഞിനോടു കാണിക്കുന്നതിനേക്കാൾ വലിയ സ്നേഹമാണ് ദൈവം തന്റെ ജനത്തോട് കാണിക്കുന്നത്.

2. തനിക്കു പ്രിയപ്പെട്ടവരുടെ പേരുകൾ കർത്താവ് ഉള്ളം കൈയിൽ രേഖപ്പെടുത്തിയിരിക്കുന്നു. മനുഷ്യർ തങ്ങൾക്ക് ഇഷ്ടമുള്ള ആളുകളുടെ പേരുകൾ അല്ലെങ്കിൽ പ്രതീകങ്ങൾ ശരീരത്തിൽ പച്ചകുത്തിയിരിക്കുന്നതു പോലെയാണ് ദൈവം തനിക്കു പ്രിയപ്പെട്ടവരെ ഓർമ്മയായി കൂട്ടത്തിൽ കൊണ്ടു നടക്കുന്നത്.

3. കർത്താവ് ചെയ്യുന്ന അനുഗ്രഹത്തിന്റെ പ്രവൃത്തികൾ മനസ്സിലാക്കാൻ പറ്റാത്തവിധം അത്രയധികം ആശ്ചര്യജനകമായിരിക്കും. വിജാതീയർ എന്ന് ഇസ്രായേൽക്കാർ കരുതിയിരുന്നവരേയും നയിക്കുന്നത് കർത്താവു തന്നെയാണ്.

## III. സന്ദേശം

1. നിസ്വാർത്ഥവും ത്യാഗപൂർണ്ണവുമായ സ്നേഹത്തിന്റെ പ്രതീകമായി എക്കാലവും കണക്കാക്കപ്പെട്ടിട്ടുള്ളത് അമ്മയ്ക്ക് കുഞ്ഞിനോടുള്ള സ്നേഹമാണ്. എന്നാൽ പെറ്റമ്മ തന്റെ മുലകുടിക്കുന്ന കുഞ്ഞിനെ മറന്നാലും ദൈവം തന്റെ ജനത്തെ മറക്കുകയില്ല എന്നാണ് ഏശയ്യാ പ്രവാചകൻ ജനത്തെ അറിയിക്കുന്നത്.

2. പഴയനിയമത്തിലെ ദൈവ സങ്കല്പം ഒരു ന്യായാധിപൻ എന്ന നിലയിലാണ് എന്ന് പറയാറുണ്ട്. പുതിയ നിയമത്തിലാണ് ദൈവത്തിന്റെ കൃപയും സ്നേഹവും വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത് എന്നും പറയുന്നവരുണ്ട്. മൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മാർസിയോൺ എന്നയാൾ പഴയനിയമം തള്ളിപ്പറഞ്ഞതും ഇക്കാരണത്താലാണ്. എന്നാൽ പഴയ നിയമത്തെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് വികലമാണ്. ദൈവത്തെക്കുറിച്ചുള്ള വികലങ്ങളായ കാഴ്ചപ്പാടുകൾ പഴയനിയമത്തിലുണ്ട്. അതിൽ ഒന്നുമാത്രമാണ് കണക്കുചോദിക്കുന്ന ദൈവത്തിന്റേത്.

3. ദൈവത്തിന്റെ അതിരറ്റ സ്നേഹത്തെക്കുറിച്ചുള്ള ഈ പ്രതിപാദ്യം ബാബിലോണിയൻ അടിമത്വകാലത്ത് വെളിപ്പെടുത്തപ്പെട്ട വചനങ്ങളാണ്. രാജ്യവും സ്വാതന്ത്ര്യവും നഷ്ടപ്പെട്ട് അടിമകളായി അന്യനാടുകളിൽ ജീവിക്കാൻ വിധിക്കപ്പെട്ട ഒരുകൂട്ടം നിസ്സഹായരായ മനുഷ്യരോടാണ് ഏശയ്യാ ദൈവത്തിന്റെ ഈ വാക്കുകൾ അരുളിച്ചെയ്യുന്നത്. പ്രതീക്ഷയറ്റവർക്കുള്ള പ്രത്യാശയുടെ സന്ദേശമാണിത്. അതോടൊപ്പം ഭാവിയെക്കുറിച്ച് പ്രതീക്ഷകൾ കാത്തുസൂക്ഷിക്കാനും ജീവിതം അതനുസരിച്ച് ക്രമപ്പെടുത്താനുമുള്ള ഒരാഹ്വാനം കൂടി ഇവിടെയുണ്ട്. ഉയിർപ്പുകാലത്ത് നാം അനുസ്മരിക്കുന്നത് ദൈവം നിസ്സഹായരായ മനുഷ്യരെ ഓർത്ത കാര്യമാണ്. ദൈവം മനുഷ്യനെ മറക്കുന്നില്ല എന്നതാണ് ഒരുവന് പ്രത്യാശ നല്കുന്ന വലിയ കാര്യം.

**ഡോ. ജോസഫ് തൊണ്ടിപ്പറമ്പിൽ**

# യോഹ. 16:16 – 24 (16 – 33)

## I. സന്ദർഭം

അന്ത്യത്താഴ വിരുന്നും അതിനുശേഷമുള്ള ദീർഘമായ പ്രഭാഷണവും (13:1–17:26) പീഡാനുഭവ വിവരണത്തിനു (18:1 – 19:42) മുമ്പാണ് യോഹന്നാൻ വിവരിക്കുന്നത്. ഈ പ്രഭാഷണത്തിൽ യേശു സ്വന്തം വേർപാടിനെക്കുറിച്ചും പുനഃരാഗമനത്തെക്കുറിച്ചും പറയുന്നതാണ് ഇന്നത്തെ സുവിശേഷഭാഗം.

## II. പ്രമേയം

യേശുവിന്റെ വേർപാടും പുനഃരാഗമനവുമാണ് പ്രമേയം (16:16). വേർപിരിയുമ്പോൾ ഉളവാകുന്ന ദുഃഖവും, വീണ്ടും കണ്ടുമുട്ടുമ്പോഴുള്ള സന്തോഷവും. ആർക്കും എടുത്തുകളയാനാവാത്ത സന്തോഷമാണിത് (16:22), പൂർണ്ണ തൃപ്തി

പകരുന്ന സന്തോഷമാണിത് (16:23).

## III. സന്ദേശം

1. ശിഷ്യന്മാർ തന്നോട് ചോദിക്കാൻ ആഗ്രഹിക്കുന്നുവെന്നു മനസ്സിലാക്കിയിട്ടാണ് യേശു പ്രതികരിക്കുന്നത് ( 16: 19 ). യേശു ശിഷ്യരുടെ ആഗ്രഹങ്ങളും ഹൃദയവിചാരങ്ങൾ പോലും തിരിച്ചറിയുന്നു. ഇന്നും അതു തന്നെയാണ് ശരി. യേശു നിൻെറ ആഗ്രഹങ്ങൾപോലും അറിയുന്നു. നിൻെറ ഹൃദയാഭിലാഷങ്ങൾ പോലും തിരിച്ചറിയുന്ന തമ്പുരാനാണ് നിൻെറ കൂടെയുള്ളത്. നിന്റെയും പ്രതികരണങ്ങൾ ഈ രീതിയിലാകണം- നിൻെറ പ്രിയരുടെ ഹൃദയാഭിലാഷങ്ങൾവരെ തിരിച്ചറിഞ്ഞുകൊണ്ട്. അങ്ങനെ തിരിച്ചറിയുമ്പോഴും പ്രതികരിക്കുമ്പോഴുമാണ് ആഴമുള്ള സ്നേഹബന്ധങ്ങൾ വളർന്നു വരുന്നത്.

2. യേശുവിന്റെ നാമത്തിൽ പിതാവിനോട് ചോദിക്കാനാണ് യേശു പറയുന്നത് (16:23). അങ്ങനെ ചോദിക്കുന്നതെല്ലാം പിതാവ് തരുമെന്നു അവിടുന്ന് ഉറപ്പു തരുന്നു. ഇതൊരു മദ്ധ്യസ്ഥം വഹിക്കലാണ്. യേശുവിൻെറ നിർദ്ദേശം ഇന്ന് നിനക്കും ബാധകമാണ്. യേശുവിൻെറ നാമത്തിൽ നീ പിതാവിനോട് ചോദി ക്കണം. നിൻെറ അപേക്ഷകളെല്ലാം യേശുനാമത്തിലാകണം അപ്പോൾ അവ യെല്ലാം ഫലപ്രദമാകും.

3. “അന്ന് നിങ്ങൾ എന്നോട് ഒന്നും ചോദിക്കുകയില്ല” (16:23). ചോദിച്ചു വാങ്ങുന്ന ഒരു ഘട്ടമുണ്ട് (16: 23-24). ഒന്നും ചോദിക്കാത്ത ഒരവസ്ഥയുമുണ്ട്. യേശുവിനെ ഉത്ഥിതനായി തിരികെ കിട്ടുമ്പോഴാണ് ഈ രണ്ടാമത്തെ അവസ്ഥ (16:22). നമ്മുടെ ഏറ്റവും വലിയ ആവശ്യം ഇഷ്ടപ്പെടുന്നവന്റെ/ഇഷ്ടപ്പെടുന്നവളുടെ സാന്നിധ്യമാണ്. അത് കിട്ടിയാൽ പിന്നെയൊന്നും നമ്മൾ ചോദിക്കില്ല; പിന്നെയെന്തെങ്കിലും ആവശ്യമുള്ളതായി നമുക്ക് അനുഭവപ്പെടില്ല; പൂർണ്ണതൃപ്തി കിട്ടുന്ന അനുഭവം. ഇത്തരം സംതൃപ്തി തരുന്ന ഇഷ്ടപ്പെടലുകളെ വളർത്തിയെടുക്കണം. അപ്പോഴാണ് ജീവിതത്തിന് സൗന്ദര്യമുണ്ടാകുന്നത്.

**ഡോ. ജെ. നാലുപറയിൽ**

# പ്രസംഗം

## സന്തോഷമായി മാറുന്ന ദുഃഖം

“ജീവിതം എറിഞ്ഞുടയ്ക്കാൻ തോന്നുന്നു. എന്നാൽ സംഗീതം എന്നെ ജീവി തത്തിലക്ക് പിടിച്ചു വലിക്കുന്നു”. രക്തം പൊടിഞ്ഞ അക്ഷരങ്ങൾ കൊണ്ടാണ് ബീഥോവൻ ഇപ്രകാരം കുറിച്ചിട്ടത്. ജീവിത കാലം മുഴുവൻ കഷ്ടതയിൽ വെന്തുരുകിയും വൈകല്യത്തോട് പടപൊരുതിയും ജീവിതത്തെ ഒരു സിംഫ ണിയാക്കിയ സംഗീതജ്ഞൻ. ലുഡ്വിംഗ് വാൻ ബീഥോവൻ. ചവർപ്പ് നിറഞ്ഞ തായിരുന്നു ആ ബാല്യം. പിതാവ് മദ്യപാനി. ക്രൂരമായ

പരിശീലന മുറകൾ. മണിക്കൂറുകൾ നീണ്ടു നിൽക്കുന്ന വയലിൻ പരിശീലനം. ബീഥോവൻ ആകെ തളർന്നുപോയിട്ടുണ്ട്. പതിനേഴാം വയസ്സിൽ അമ്മ മരിച്ചു. 26-ാം വയസ്സിൽ പൂർണ്ണമായും ബധിരനായി. പക്ഷെ പീഡാസഹനങ്ങളും കുരിശു മരണവും കഴിഞ്ഞ് ആ പ്രതിഭ ഉയർത്തെഴുന്നേറ്റു. ഒൻപതു സിംഫണികൾ. പാശ്ചാത്യ സംഗീത ലോകത്തിലെ നാഴികക്കല്ലായ ഒന്നാം സിംഫണി. എല്ലാം ഈ ബധിരന്റെ സൃഷ്ടികളാണ്. ആ ജീവിത്തിലെ ദു:ഖങ്ങൾ ക്രമേണ സന്തോഷമായി രൂപാന്തരപ്പെട്ടു. ഇന്നും ലോകം ബീഥോവനെ കേൾക്കുന്നു. സഹനങ്ങളിലൂടെ സന്തോഷത്തിലെത്തിയ ബീഥോവൻ യേശുവചനത്തെ നമ്മുടെ ഓർമ്മയിൽ എത്തിക്കുന്നു. "നിങ്ങളുടെ ദു:ഖം സന്തോഷമായി മാറും" (യോഹ. 16,21) സഹനത്തിലും, കുരിശുകളിലും തളരാതെ മുന്നേറി പൂർണ്ണമായ സന്തോഷം സ്വായത്തമാ ക്കുവാൻ അവിടന്ന് നമ്മെ ക്ഷണിക്കുകയാണ്.

യഹൂദരുടെ വിശ്വാസമനുസരിച്ച് സമയം എന്ന യാഥാർത്ഥ്യത്തെ രണ്ടായി ഭാഗിച്ചിരിക്കുന്നു. ഇപ്പോഴുള്ളതും വരാനിരിക്കുന്നതും. ഇപ്പോഴുള്ള യുഗം ദുഷിച്ചതും, ശിക്ഷിക്കപ്പെട്ടതുമാണ്. വരാനിരിക്കുന്നതാകട്ടെ ദൈവത്തിന്റെ സുവർണ്ണ കാലഘട്ടവും. മിശിഹായുടെ വരവോടെ ഈ സുവർണ്ണ യുഗത്തിന് ആരംഭമാകും. എന്നാൽ അതിനുമുൻപ് കഷ്ടതയുടെ ഭീകരമായ ഒരു ദിനമുണ്ട്. കർത്താവിന്റെ ദിനം. 'മിശിഹായുടെ ദിനങ്ങളിലെ ഈറ്റ് നോവെന്നാണ്' ഈ ദിനത്തെ യഹൂദർ വിശേഷി പ്പിച്ചിരുന്നത്. പ്രവാചക വചനങ്ങൾ ഇതിനെ ശരി വയ്ക്കുന്നു. ആ ദിനം ക്രൂരവും ശൂന്യവും പാപികളെ നശിപ്പിക്കുന്നതുമാണെന്ന് ഏശയ്യായും (ഏശയ്യ 13,9) കൂരിട്ടുട്ടിന്റെയും കാർമേഘത്തിന്റെയും ദിനമായിരിക്കും അത് എന്ന് ജോയേൽ പ്രവാചകനും ഓർമ്മിപ്പിക്കുന്നു (ജോയേൽ 2, 1-2). എന്നാൽ ആ ദിനത്തെ അതിജീവിക്കുന്നവർക്ക് അനശ്വര സന്തോഷം കരഗതമാകും.

ഈ തിരുലിഖിതങ്ങളും അവയുടെ പൊരുളും അറിയാമായിരുന്ന യേശു, തന്റെ വിടവാങ്ങൽ പ്രഭാഷണത്തിൽ ശിഷ്യരോട് പറയുകയാണ്. ഇപ്പോൾ ദു:ഖമുണ്ടായേക്കാം. എന്നാൽ വരാനിരിക്കുന്നത് സന്തോഷത്തിന്റെ പുലരികളാണ്. ഈറ്റുനോവനുഭവിക്കുന്ന സ്ത്രീ ദു:ഖിതയെങ്കിലും ശിശുവിനെ പ്രസവിച്ചു കഴിയുമ്പോൾ സന്തോഷവതിയായി മാറുന്നു. ശിഷ്യരുടെ അവസ്ഥയും സമാനമാണ്. ഇപ്പോൾ ദു:ഖിക്കുന്നു. എന്നാൽ അവർ വീണ്ടും യേശുവിനെ കാണുമ്പോൾ സന്തോഷഭരിതരായിത്തീരും. ആ സന്തോഷം ആർക്കും എടുത്തുകളയാനാവാത്തതും പൂർണ്ണവുമാണ്. ഈ സന്തോഷം സ്വായത്തമാക്കാൻ അന്ത്യംവരെ വിശ്വസ്തതയോടെ നിലകൊള്ളണം എന്നു മാത്രം. വെളിപാടു പുസ്തകം ഓർമ്മിപ്പിക്കുന്നു. മരണംവരെ വിശ്വസ്തനായിരിക്കുക. ജീവന്റെ കിരീടം നിനക്കു ഞാൻ നൽകും (വെളി 2,10). മർക്കോസ് സുവിശേഷകനും ഇതേ ചിന്ത തന്നെ അവതരിപ്പിക്കുന്നുണ്ട്. അവസാനം വരെ സഹിച്ചു

March 2013 / Price Rs. 25 Karunikan RNI No. KERMAL/2007/19623. Postal Reg. No.EKM/ 729/ 2012-14

നിൽക്കുന്നവൻ രക്ഷ പ്രാപിക്കും (മർക്കോ 13, 13)

യേശുവിന്റെ ഈ വചനത്തിന് വില നൽകിയവരാണ് വിശുദ്ധരും രക്ത സാക്ഷികളും ആദിമസഭാംഗങ്ങളുമൊക്കെ. റോമിലെ കൊലക്കുന്നിൽ തൂങ്ങപ്പെട്ട ക്രിസ്ത്യാനികൾക്കും ആംഫി തിയേറ്ററുകളിലേക്ക് വലിച്ചെറിയപ്പെട്ടവർക്കും ഒരു പ്രതീക്ഷയുണ്ടായിരുന്നു. സന്തോഷത്തിന്റെ ഒരു പുലരി പൊട്ടി വിടരുമെന്ന ശുഭ പ്രതീക്ഷ. എരിതീയിൽ എറിയപ്പെട്ടവർക്കും, തല കീഴായി ക്രൂശിക്കപ്പെട്ടവർക്കും വാളിനിരയാക്കപ്പെട്ടവർക്കും ഒരു വിശ്വാസമുണ്ടായിരുന്നു. നിത്യമായ സന്തോഷവും, ഒളിമങ്ങാത്ത ഒരു കിരീടവും സംലഭ്യമാകുമെന്ന വിശ്വാസം.

ദു:ഖത്തിന്റെ ദിനങ്ങൾ സന്തോഷത്തിന് വഴിമാറും എന്ന വിശ്വാസമാണ് അത്യാവശ്യം. പരിചിതമായ ഒരു ഗാനത്തിന്റെ ഈരടി ഇവിടെ അർത്ഥപൂർണ്ണമാണ്.

*ഇലകൊഴിയും കാലങ്ങൾക്കപ്പുറം*
*തളിരണിയും കാലമുണ്ടെന്നോർക്കണം*
*കവിളിലൂടൊഴുകുന്ന കണ്ണീരിനപ്പുറം*
*പുഞ്ചിരിയുണ്ടെന്നോർക്കണം.* – (രചന, ബേബി ജോൺ കലയന്താനി)

**ഫാ: മനീഷ് ഓലംകണ്ണേൽ**

*Printed & Published by Fr. Jacob Naluparayil, MCBS House, Perumanoor P.O.-682 015, Ernakulam.*
*Printed at Viani Printings, Kochi - 18, Kerala; Editor: Fr. Jacob Naluparayil*